ക്ഷാമബത്ത കുടിശ്ശിക

23 (411) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ക്ഷാമബത്ത കുടിശ്ശികയുണ്ടോ ;

(ബി) എങ്കിൽ എത്ര ഗഡു ;

(സി) ക്ഷാമബത്ത സമയത്ത് നൽകാത്തതുമൂലം ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിൽ എത്ര ശതമാനം വരെ കുറഞ്ഞ വേതനമാണ് അവർക്ക് ഇപ്പോൾ ലഭിക്കുന്നത് ;

(ഡി) അർഹതപ്പെട്ട ക്ഷാമബത്ത സമയത്ത് നൽകാത്തതുമൂലം ഇക്കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാരിന് എത്ര കോടി രൂപയുടെ നേട്ടമുണ്ടായി ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-7-1999, 1-1-2000, 1-7-2000 എന്നീ കാലയളവുകളിൽ നൽകേണ്ട മൂന്നു ഗഡു ക്ഷാമബത്ത കുടിശ്ശികയുണ്ട്.

(സി) ക്ഷാമബത്ത നൽകാത്തതുമൂലം അടിസ്ഥാന ശമ്പളത്തിന്റെ 9 ശതമാനം കുറഞ്ഞ വേതനമാണ് ഇപ്പോൾ സംസ്ഥാന ജീവനക്കാർക്ക് ലഭിക്കുന്നത്.

(ഡി) 1999-2000 സാമ്പത്തിക വർഷത്തിൽ 1-7-1999 മുതലുള്ള 5 ശതമാനം, 1-1-2000 മുതലുള്ള 1 ശതമാനം എന്നീ രണ്ട് ഗഡുക്കൾക്ക് മൊത്തം 129.6 കോടി രൂപ ചെലവുണ്ടാകും.

കേന്ദ്രത്തിൽനിന്ന് വാങ്ങിയ തുക

24 (412) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. വി. ബാലറാം :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഭാവിയിൽ കിട്ടുവാനുള്ള തുകകളിൽ നിന്ന് തട്ടിക്കിഴിച്ചു കൊള്ളാമെന്ന അടിസ്ഥാനത്തിൽ എത്രപ്രാവശ്യം കേന്ദ്രത്തിൽ നിന്നും തുക പറ്റിയിട്ടുണ്ട് ;

(ബി) ഓരോ പ്രാവശ്യവും ഈ വിധത്തിൽ എന്തു തുക വീതം വാങ്ങിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly